FRIDAY 19-08-2022 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/08/2022.

1. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിനു കീഴിൽ പ്രവർത്തിക്കുന്നതും കർഷകർക്ക് വിവിധങ്ങളായ കൃഷിപ്പണികൾ ചെയ്തു നൽകുന്നതുമായ അഗ്രോസർവ്വീസ് സെന്ററിലേക്ക് കൃഷിപ്പണികൾ അറിയുന്ന 18-നും 50-നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ട്രാക്ടർ പ്രവർത്തിപ്പിക്കാൻ അറിയുന്നവർക്ക് മുൻഗണന ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495476141** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്ലാവ്, മാവ്, റമ്പൂട്ടാൻ, സപ്പോട്ട എന്നിവയുടെ ബഡ് തൈകൾ, സീഡ്‌ലെസ് നാരകം, മാങ്കോസ്റ്റീൻ, കവുങ്ങ്, അകത്തി, പച്ചക്കറി ഇനങ്ങളായ വഴുതന, വെണ്ട, തക്കാളി, പയർ എന്നിവയുടെ തൈകൾ വിൽപനയ്ക്ക് തയ്യാറായിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് സീനിയർ സയന്റിസ്റ്റ് ആൻഡ് ഹെഡ്, ഐ സി എ ആർ കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, പത്തനംതിട്ട എന്ന മേൽവിലാസത്തിലോ **0469 2661821 (എക്സ്റ്റൻഷൻ 214), 8078572094** എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് ഒരു രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വിൽപന സമയം 9 മണി മുതൽ 4 മണി വരെയായിരിക്കും.

4. റബ്ബർബോർഡിലെ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിപ്പാർട്ടുമെന്റ് 'അനലിറ്റിക്കൽ ട്രെയിനി' ആയി താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർക്ക് സ്റ്റാറ്റിസ്റ്റിക്സ്, അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ്, മാത്തമറ്റിക്സ് എന്നിവയിൽ ഏതെങ്കിലും ബിരുദാനന്തരബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും ഉണ്ടായിരിക്കണം. താൽപര്യമുള്ളവർ ഈ മാസം 24-ന് (ആഗസ്റ്റ് 24) രാവിലെ 10 മണിക്ക് കോട്ടയത്തുള്ള റബ്ബർബോർഡ് കേന്ദ്ര ഓഫീസിൽ വയസ്സ്, വിദ്യാ ഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളു മായി സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിപ്പാർട്ടുമെന്റ് ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്) മുമ്പാകെ ഹാജരാ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുകയോ **0481 2301231, 0481 2574903** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

5. തൃശൂർ കൊക്കാല യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ സെപ്റ്റംബർ 01-ന് ആരംഭിക്കുന്ന ആറ് മാസം കാലദൈർഘ്യമുള്ള, സ്റ്റൈപെൻഡറി ട്രെയിനിങ് ഓൺ ലബോറട്ടറി ടെക്നിക്സ്, ഫാർമസി ആൻഡ് നഴ്സിംഗ് കോഴ്സിൽ സ്റ്റൈപ്പന്റോടുകൂടിയ പരിശീലനത്തിന് താൽപര്യമുള്ള അപേക്ഷകർ ആഗസ്റ്റ് 24 - ന് രാവിലെ 10.00 മണിക്ക് സ്ഥാപനത്തിൽ വെച്ച് നടത്തുന്ന ഇന്റർവ്യൂവിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്. അനിമൽ ഹസ്ബൻഡറി, പൗൾട്രി സയൻസ്, ഡയറി സയൻസ് എന്നീ കോഴ്സുകളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പാസായവർക്ക് അപേക്ഷിക്കാം. പ്രായപരിധി 25 വയസ്സ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, **0487 –2423415** എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. വെള്ളായണി റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കുമായി ട്രാക്ടർ, ഞാറുനടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ എന്നിവയിൽ മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ, ട്രെയിനിംഗ് സെന്ററുമായി നേരിട്ട് ബന്ധപ്പെടുകയോ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രവും വഴിക്കടവ് ഗ്രാമ പഞ്ചായത്തും സംയുക്തമായി ആഗസ്റ്റ് 27 ശനിയാഴ്ച **ആടുവളർത്തൽ** എന്ന വിഷയത്തിൽ ഓഫ് ക്യാമ്പസ് പരിശീലനം വഴിക്കടവ് ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് രാവിലെ 10 മുതൽ അഞ്ചു വരെ സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9846075281** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം ആഗസ്റ്റ് 23-ന് നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.

9. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- പച്ചക്കറിവിളകളിൽ വെളുത്ത നിറത്തിൽ കൂട്ടമായി ഇലകളുടെ അടിവശത്ത് കണ്ടു വരുന്ന **മീലിമൂട്ട**കളെ നിയന്ത്രിക്കുന്നതിനായി സോപ്പ് ലായനി തളിച്ച ശേഷം 2% വേപ്പെണ്ണ എമൽഷൻ അല്ലെങ്കിൽ 5 മില്ലി വേപ്പെണ്ണ അധിഷ്ഠിത കീടനാശിനികൾ 1 ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക. അല്ലെങ്കിൽ ലേക്കാണിസിലിയം ലാക്കാനി 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക
- പച്ചക്കറി വിളകളിൽ മഗ്നീഷ്യത്തിന്റെ അഭാവം മൂലം മൂത്ത ഇലകളുടെ ഞരമ്പുകൾക്കിടയിൽ മഞ്ഞളിക്കുകയും ഞരമ്പുകൾ പച്ചയായിരിക്കുകയും ചെയ്യുന്നതായി കാണാം. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 2 മുതൽ 5 ഗ്രാം മഗ്നീഷ്യം സൾഫേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കാവുന്നതാണ്. മഗ്നീഷ്യം സൾഫേറ്റ് ഒരിക്കലും പൊട്ടാസ്യം അടങ്ങിയിട്ടുള്ള വളങ്ങളുടെ ഒപ്പം ചേർത്ത് നൽകരുത്.

കാർഷിക കാലാവസ്ഥാനുബന്ധ വിവരങ്ങൾക്ക് **9446093329, 9778764946** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക;

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം